# കേരള സർവകലാശാല

നം. പി.ആർ.033/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.ടെക് ടൈംടേബിൾ

കേരള സർവകലാശാല മാർച്ച്/ഏപ്രിലിൽ നടത്തുന്ന നാലാം സെമസ്റ്ററിൽ വരുന്ന രണ്ട്, മൂന്ന് സെമസ്റ്റർ ബി.ടെക് (പാർട്ട് ടൈം - റീസ്ട്രക്ച്ചേർഡ് - 2013 സ്കീം) പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.ബി.എ പരീക്ഷ റദ്ദാക്കി

കേരള സർവകലാശാല ഫെബ്രുവരി 26-ന് നടത്തിയ ഒന്നാം സെമസ്റ്റർ എം.ബി.എ (2014 സ്കീം - ഫുൾടൈം/റഗുലർ (ഈവനിംഗ്)/യു.ഐ.എം & ട്രാവൽ ആൻഡ് ടൂറിസം) പരീക്ഷ റദ്ദാക്കി. പുന:പരീക്ഷ മാർച്ച് 21 രാവിലെ 9.30 മുതൽ 12.30 വരെ നടത്തും. പരീക്ഷാകേന്ദ്രങ്ങൾക്ക് മാറ്റമില്ല.

### യോഗ തെറാപ്പി ക്ലാസ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന പി.ജി ഡിപ്ലോമ ഇൻ യോഗ തെറാപ്പി ക്ലാസുകൾ മാർച്ച് 30-ന് തുടങ്ങും. ഏതാനും സീറ്റുകൾ ഒഴിവുണ്ട്. യോഗ്യത: ബിരുദം. ഫീസ് 19500/- രൂപ. പ്രായപരിധിയില്ല. ക്ലാസുകൾ രാവിലെ ഏഴ് മണിമുതൽ ഒമ്പത് മണിവരെ നടത്തും. താൽപര്യമുള്ളവർ സി.എ.സി.ഇ.ഇ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ. 0471-2302523.

### നഴ്സിംഗ് അഡ്മിനിസ്ട്രേഷൻ കോഴ്സ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ നഴ്സിംഗ് അഡ്മിനിസ്ട്രേഷൻ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത: ജനറൽ നഴ്സിംഗ് ജയിച്ചിരിക്കണം. കേരള നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷൻ നിർബന്ധം. ക്ലാസുകൾ ശനി, ഞായർ ദിവസങ്ങളിൽ നടത്തും. ഫീസ് 7500/- രൂപ. കാലാവധി ആറ് മാസം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് 31. ഫോൺ. 0471-2302523.

### എം.ഫിൽ പരീക്ഷ

കേരള സർവകലാശാല മാർച്ച് 28-ന് തുടങ്ങുന്ന ഒന്നാം സെമസ്റ്റർ എം.ഫിൽ (മാനേജ്മെന്റ് - 2015 അഡ്മിഷൻ) പരീക്ഷയ്ക്ക് പിഴകൂടാതെ മാർച്ച് 19 (50 രൂപ പിഴയോടെ മാർച്ച് 21, 250 രൂപ പിഴയോടെ മാർച്ച് 22) വരെ അപേക്ഷിക്കാം.

### എം.എഡ് (സ്പെഷ്യൽ എഡ്യൂക്കേഷൻ) പരീക്ഷ

കേരള സർവകലാശാല ഏപ്രിൽ 12-ന് തുടങ്ങുന്ന ഒന്നാം സെമസ്റ്റർ എം.എഡ് (സ്പെഷ്യൽ എഡ്യൂക്കേഷൻ - മെന്റൽ റിട്ടാർഡേഷൻ/ഇന്റലക്ച്വൽ ഡിസെബിലിറ്റി - ദ്വിവത്സര കോഴ്സ് - റഗുലർ - 2015 സ്കീം, സ്പെഷ്യൽ എഡ്യൂക്കേഷൻ - മെന്റൽ റിട്ടാർഡേഷൻ - 2013 സ്കീം) പരീക്ഷകൾക്ക്

പിഴകൂടാതെ മാർച്ച് 22 (50 രൂപ പിഴയോടെ മാർച്ച് 26, 250 രൂപ പിഴയോടെ മാർച്ച് 28) വരെ അപേക്ഷിക്കാം.

## ബി.ഡി.എസ് ടൈംടേബിൾ

കേരള സർവകലാശാല മാർച്ച് 29-ന് തുടങ്ങുന്ന മൂന്നാം ബി.ഡി.എസ് (അഡീഷണൽ - 2008 സ്കീം, 2008-ന് മുമ്പുള്ള സ്കീം) പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എ.എസ്.എൽ.പി ഫലം

കേരള സർവകലാശാല ജൂണിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ.എസ്.എൽ.പി പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്ക് മാർച്ച് 23 വരെ അപേക്ഷിക്കാം.

## എം.ബി.എ ടൈംടേബിൾ

കേരള സർവകലാശാല മാർച്ച് 21-ന് തുടങ്ങുന്ന രണ്ടാം സെമസ്റ്റർ എം.ബി.എ, മാർച്ച് 22-ന് തുടങ്ങുന്ന നാലാം സെമസ്റ്റർ എം.ബി.എ - ഈവനിംഗ് - 2008 സ്കീം - റഗുലർ & സപ്ലിമെന്ററി പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പ്രോജക്ട് റിപ്പോർട്ട് സർവകലാശാലയിൽ സമർപ്പിക്കേണ്ട അവസാന തീയതി ഏപ്രിൽ ആറ്.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
15.03.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,



സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com
website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098